**രണ്ട് സൈക്കിളിലായി സഞ്ചരിക്കുന്ന ആൺകുട്ടിയും പെൺകുട്ടിയും ഒരു കൈകൊണ്ട് സൈക്കിൾ ഹാന്റിൽ പിടിക്കുകയും മറ്റേ കൈ പരസ്പരം ചേർത്ത് പിടിച്ച് സൈക്കിൾ ചവിട്ടുകയും ചെയ്യുന്നത് ഹോളണ്ടിലെ സ്ഥിരം കാഴ്ചയാണ്. ഹോളണ്ടിലെ സൈക്കിൾ ഇണക്കിളികൾ എന്നറിയപ്പെടുന്ന ഇവരുടെ വിശേഷങ്ങളുമായി**

**രാജുറാഫേൽ**

# ഹോളണ്ടിലെ സൈക്കിൾ ഇണക്കിളികൾ

**ബർലിനിലേക്കുള്ള** അവസാന തീവണ്ടി കടന്നുപോയതിന് പിന്നാലെ എല്ലാവരും ഹോസ്റ്റലിനകത്തേക്ക് കയറി. തണുപ്പ് കൂടിക്കൂടി താപനില പൂജ്യം ഡിഗ്രിയേക്കാൾ താഴേക്ക് പോയിട്ടുണ്ടാകും എന്ന് എനിക്ക് ഉറപ്പായിരുന്നു. പക്ഷെ ജയക്കും ഡാംബറിനും കിബ്രിക്കുമൊന്നും തീരെ കൂസൽ ഇല്ലായിരുന്നു. കനത്ത തണുപ്പിനെയും പ്രതിരോധിക്കാൻ കഴിയുന്ന കട്ടിയുള്ള രോമക്കുപ്പായങ്ങളും ജാക്കറ്റുകളുമാണ് അവർ ധരിച്ചിരുന്നത്. ഞങ്ങൾ ഹോളണ്ടിലെത്തിയ ശേഷം അദ്യമായിട്ടാണ് ഇങ്ങനെ മഞ്ഞുകട്ടകൾ പെയ്യുന്നതും ശീതക്കാറ്റ് വീശുന്നതും. അപ്പോഴേക്കും അവർ എങ്ങിനെയാണ് ഈ രോമക്കുപ്പായങ്ങളും ജാക്കറ്റും സംഘടിപ്പിച്ചതാവോ? കയ്യിലുള്ള യൂറോ മുഴുവൻ നൽകിയിട്ടാണെങ്കിലും അവർ ധരിച്ചിരിച്ചിരിക്കുന്ന പോലത്തെ കട്ടിയുള്ള കുപ്പായങ്ങളും ജാക്കറ്റും സംഘടിപ്പിക്കണമെന്ന് ഞാൻ നിശ്ചയിച്ചു. എവിടെ നിന്നാണാവോ ഇത് വാങ്ങാൻ കിട്ടുക? രാത്രി ഡാംബറിനോട് തന്നെ ചോദിക്കാമെന്ന് വിചാരിച്ചു. അല്ലെങ്കിൽ ആർ.എൻ.ടി.സിയിലെ ഓഫിസ് സെക്രട്ടറിയായ മദാമ്മയോട് ചോദിക്കാം. ഇത്തരം സഹായങ്ങൾക്കെല്ലാം കോനി വാൻ വെറ്റം എന്ന മദാമ്മയെ സമീപിക്കാനാണ് കോഴ്സ് കോർഡിനേറ്ററുടെ നിർദ്ദേശം.

വളരെ സ്നേഹ സമ്പന്നയായ ഒരു സ്ത്രീയാണ് കോനി വാൻ വെറ്റം. ഇംഗ്ലീഷ് അശേഷം അറിയില്ല. വലിയൊരു ലേഡീസ് സൈക്കിളിലാണ് അവർ ഓഫിസിലേക്ക് വരുന്നതും പോകുന്നതും.. അത്യാവശ്യം പുറത്ത് പോകാനും മറ്റും ആർ.എൻ.ടി.സിയിൽ പൊതു ഉപയോഗത്തിനുള്ള രണ്ട് സൈക്കിളുകൾ ഞങ്ങൾക്ക് കൂടി ഉപയോഗിക്കാമെന്നും വളരെ അത്യാവശ്യമാണെങ്കിൽ അവരുടെ സൈക്കിളും ഉപയോഗിക്കാവുന്നതാണന്നും ആദ്യ ദിവസം തന്നെ അവർ എല്ലാ വിദ്യാർത്ഥികളോടും നടന്ന് പറയുന്നുണ്ടായിരുന്നു. അവർ ഡച്ചിൽ പറഞ്ഞത് ഞങ്ങൾക്ക് വേണ്ടത്ര മനസ്സിലായിട്ടില്ല എന്ന് കരുതിയിട്ടാകും അൽപ്പസമയം കഴിഞ്ഞപ്പോൾ ഒരു വലിയ കടലാസ്സിൽ അത് വൃത്തിയായി എഴുതി പ്രധാന ക്ലാസ് റൂമിൽ കൊണ്ടുവന്ന് ഒട്ടിക്കുകയും ചെയ്തു.

കോനി വാൻ വെറ്റം സൈക്കിൾ അറിയിപ്പ് ഒട്ടിച്ചതിന് അടുത്ത് തന്നെ

വിദ്യാർത്ഥികൾ കർശനമായും പാലി ക്കേണ്ട അടിസ്ഥാന നിയമങ്ങളും (ഗ്രൗണ്ട് റൂൾസ്) ഒട്ടിച്ചിട്ടുണ്ടായിരു ന്നു. മറ്റുള്ളവർ പറയുന്നത് പൂർണ്ണ മായും ക്ഷമയോടെ ശ്രവിക്കുക, വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സാംസ്കാരിക പൈതൃകങ്ങളെ ബഹുമാനിക്കുക, ലിംഗ വിത്യാസമില്ലാതെ പെരുമാറുക തുടങ്ങിയ പൊതുകാര്യങ്ങളായിരുന്നു അടിസ്ഥാന നിയമങ്ങൾ. എന്നാൽ അവയിൽ അവസാന രണ്ടെണ്ണം എന്നെ പ്രത്യേകം അകർഷിച്ചു.. ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് വരാനും പോകാനും കഴിയുന്നതും മോട്ടാർ വാഹനങ്ങൾ ഉപയോഗിക്കാതെ നട ക്കുകയോ സൈക്കിൾ ഉപയോഗിക്കു കയോ ചെയ്യുക, കഴിയുന്നത്ര ഡച്ച് പഠിക്കുക എന്നിവയായിരുന്നു അത്. സൈക്കിൾ ഉപയോഗിക്കണമെന്ന് മറ്റു ള്ളവരെ ഉദ്ബോധിപ്പിക്കുക മാത്രമല്ല, ഡയറക്ടർ മുതൽ ഓഫിസ് ബോയ് വരെയുള്ളർ റേഡിയോ നെതർലാന്റ്സിൽ അത് അക്ഷരം പ്രതി പാലിക്കുകയും ചെയ്യുന്നുണ്ട്.

പൊതുവേ കാറ് ഉപയോഗി ക്കുന്നതിൽ വിമുഖരാണ് ഡച്ചുകാർ എന്ന് തോന്നുന്നു. റേഡിയോ നെതർലാന്റ്സിന്റെ വിശാലമായ മുറ്റത്ത് കാർ പാർക്കിങ്ങിനായി ആകെ മാറ്റിവെച്ചിരിക്കുന്നത് അൽപ്പം സ്ഥലം മാത്രമാണ്. അതേ സമയം സൈക്കിൾ പാർക്കിങ്ങിനുള്ള സ്ഥല മാകട്ടെ വളരെ വിശാലവും. അവിടെ യൊക്കെ നിറഞ്ഞ ശേഷം സൈക്കിളു കൾ മരങ്ങളുടെ ചുറ്റും പാർക്ക് ചെയ്തിരിക്കുന്നത് കാണാം. ഹോളണ്ട് സർക്കാറിന്റെയും പ്രാദേശിക നഗര അധികൃതരുടെയും  മനോഭാവവും ഇതുതന്നെ. സൈക്കിൾ പാതയും റോഡും ഇടമുറിയുന്ന ജംഗ്ഷനുകളി ലെല്ലാം മുൻഗണന സൈക്കിൾ യാത്ര ക്കാരനാണ്. സിഗ്നൽ ലൈറ്റ് ഇല്ലാത്ത ജംഗ്ഷനാണെങ്കിൽ സൈക്കിൾ യാത്ര ക്കാരൻ കടന്നു പോയിട്ടേ മോട്ടോർ വാഹനം കടക്കാൻ പാടുള്ളൂ എന്നാണ് നിയമം. അഥവാ കഷ്ടകാ ലത്തിന് ഒരു സൈക്കിളും മോട്ടോർവാഹനവും തമ്മിൽ കൂട്ടിയിടി ച്ചാൽ വാഹനമോടിച്ച ഡ്രൈവറുടെ പണി കഴിഞ്ഞതുതന്നെ. സൈക്കിൾ യാത്രക്കാരന്റെ പരിക്ക് അനുസരിച്ച് വലിയ നഷ്ട പരിഹാരം, ചിലപ്പോൾ



ലേഖകൻ സൈക്കിളുകൾ നിറഞ്ഞ ഹിൽവർസം തെരുവിൽ

**ബി.എ സംസ്കൃതം പഠിച്ചശേഷം സൈക്കിൾ ഷോപ്പ് തുടങ്ങി ജീവിതം കുത്തുപാളയെടുത്തു പോയ ഒരു  ബാല്യകാല സുഹൃത്ത് നാട്ടിൽ ഉണ്ട് എനിക്ക് – വേലായുധൻകുട്ടി. വേലായുധൻകുട്ടി സൈക്കിൾ കട തുടങ്ങി, കോയമ്പത്തൂരിൽ നിന്നും സ്പെയർപാർട്ട്സൊക്കെ കൊണ്ടുവന്ന് റാക്കൊക്കെ നിറച്ചുവച്ചു. പക്ഷെ ആരും ഒന്നും വാങ്ങിക്കാൻ വന്നില്ല. കാരണം നാട്ടിൽ സൈക്കിളുകളൊക്കെ അപ്രത്യക്ഷമായി മോട്ടോർ സൈക്കിളുകൾ നിറയുന്ന കാലമായിരുന്നു അത്**

ജയിൽവാസം ഇതൊക്കെയാണ് ശിക്ഷ. അതുകൊണ്ട് തന്നെ സൈക്കി ളുകൾ കടന്നു പോകാനായി ബെൻസ് കാറുമുതൽ ട്രെയിലർ ലോറി വരെ ക്ഷമയോടെ കാത്തു നിൽക്കുന്നതു കാണാം. അകലെ നിന്ന് ഒരു സൈക്കിളുകാരൻ വരുന്നുണ്ടെങ്കിൽ അയാൾ കൂടി കടന്ന് പോകാൻ കാത്തു നിൽക്കുന്ന മര്യാദ നമ്മെ അത്ഭുതപ്പെടുത്തും . എല്ലാ മോട്ടാർ വാഹന ഡ്രൈവർമാരും സൈക്കിൾ യാത്രക്കാർ കൂടിയായതു കൊണ്ടാകും അവർക്ക് ഇത്ര മര്യാദയെന്ന് എനിക്ക് തോന്നാറുണ്ട്. കാരണം ഒരു ശരാശരി ഡച്ച് പൗരൻ, ആണോ പെണ്ണോ ആകട്ടെ, തന്റെ നാൽപ്പത് ശതമാനം യാത്രയും നിർവഹിക്കുന്നത് സൈക്കി ളിലാണ്. ജോലിക്ക് പോകാൻ, ഷോപ്പി ങ്ങിന്, കുട്ടികൾ സ്കൂളിൽ പോകു ന്നത് എല്ലാം സൈക്കിളിൽ തന്നെ. 10 നും 15 നും ഇടയിൽ പ്രായമുള്ള മിക്കകുട്ടികളും സ്കൂളിൽ പോകുന്നത് സൈക്കിളിലാണ്. പ്ളസ് ടൂവിന് പഠി ക്കുന്ന കുട്ടികൾ 15 കിലോമീറ്റർ അക ലെയുള്ള സ്കൂളിലേക്ക് സൈക്കിളിൽ പോകുന്നത് സർവ്വ സാധാരണം. എന്തിന് നമ്മുടെ കോനി മദാമ്മ ജോലിക്ക് വരുന്നത് 21 കിലോമീറ്റർ സൈക്കിൾ ചവുട്ടിയാണ്.

കാർ പാർക്കിങ്ങിനുള്ള സൗകര്യ ങ്ങൾ പരമാവധി കുറച്ചും നഗര ത്തിന്റെ പ്രധാന റോഡുകളിലേക്ക് കാറുകൾ പ്രവേശിക്കുന്നത് തടഞ്ഞു മാണ് ഹോളണ്ടിലെ പല നഗരങ്ങളി

ലെയും അധികൃതർ സൈക്കിളിനെ പ്രോത്സാഹിപ്പിക്കുന്നത്. ആർ.എൻ.ടി.സി. സ്ഥിതി ചെയ്യുന്ന ഹിൽവർസം ചെറിയ പട്ടണമാണെങ്കിലും നഗരത്തിന്റെ പ്രധാന റോഡിലൊന്നും മോട്ടാർ വാഹനങ്ങളെ പ്രവേശിപ്പിക്കില്ല. തൃശ്ശൂർ നഗരത്തിൽ സ്വരാജ് റൗണ്ടിലോ അല്ലെങ്കിൽ എറണാകുളത്തെ എം.ജി റോഡിലോ മോട്ടാർ വാഹനങ്ങളൊന്നും കടത്താതെ സൈക്കിളുകൾ മാത്രം അനുവദിക്കുന്നത് ഒന്ന് സങ്കൽപ്പിച്ചു നോക്കൂ, അതുപോലെയാണ് ഹിൽവർസമിലെ പ്രധാന തെരുവ്. സൈക്കിൾ യാത്രക്കാർ മാത്രമുള്ള പ്രധാന തെരുവിൽ കൂടി സൂക്ഷിച്ച് നടന്നില്ലെങ്കിൽ നമ്മൾ 'സൈക്കിൾ പ്രണയകിളികളുടെ' ഇടയിൽ പെട്ടുപോകും. രണ്ട് സൈക്കിളിലായി സഞ്ചരിക്കുന്ന ആൺകുട്ടിയും പെൺകുട്ടിയും ഒരു കൈകൊണ്ട് സൈക്കിൾ ഹാന്റിൽ പിടിക്കുകയും മറ്റേ കയ്യ് പരസ്പരം ചേർത്ത് പിടിച്ച് സൈക്കിൾ ചവിട്ടുകയും ചെയ്യുന്നത് ഹോളണ്ടിലെ സ്ഥിരം കാഴ്ചയാണ്. ഹോളണ്ടിലെ സൈക്കിൾ ഇണക്കിളികൾ (Bicycle lovebirds in Holland) എന്നാണ് ഇവർ അറിയപ്പെടുന്നത്. കമിതാക്കൾ പ്രണയം പൊതുവായി പ്രഖ്യാപിക്കുന്നതു പോലും ഇങ്ങനെ കൈകോർത്ത് സൈക്കിൾ ചവുട്ടികൊണ്ടാണത്രേ! സൈക്കിൾ ഇണക്കിളികളുടെ കൈകൾ പിരിയാൻ അനുവദിക്കാതെ മറ്റുള്ളവർ തലകുനിച്ചും മറ്റും അവർക്ക് വഴിയൊരുക്കുന്നത് രസമുള്ള കാഴ്ചയാണ്. സൈക്കിളില്ലാത്ത പ്രണയത്തെ കുറിച്ച് ഇവർക്ക് ചിന്തിക്കാൻ കൂടി കഴിയുമെന്ന് തോന്നുന്നില്ല. അത്രമേൽ ഇഴുകി ചേർന്നിരിക്കുന്നു ഡച്ചുകാരുടെ ജീവിതവും സൈക്കിളും. നടക്കാൻ പഠിക്കുന്നതിന് മുൻപ് സൈക്കിൾ ചവിട്ടാൻ പഠിക്കുന്ന ഒരു ജനതയെ നമുക്ക് വേറെ എവിടെ കാണാൻ കഴിയും?

ഡച്ച് കുട്ടികൾ സൈക്കിൾ ചവുട്ടി ജീവിതത്തിലേക്ക് പ്രവേശിക്കുന്നു മറ്റുള്ളവർ നടന്നും- എന്നാണ് ഇവർ പറയുന്നത്. മൂന്നും നാലും വയസ്സുള്ള നേഴ്സറി കുട്ടികൾ കുഞ്ഞു സൈക്കിളിൽ അച്ഛന്റെയൊ അമ്മയുടെയോ സൈക്കിളിന്റെ ഓരം ചേർന്ന് ചവുട്ടിപോകുന്നത് കൗതുകത്തോടെ ഏറെനേരം നോക്കി നിൽക്കാറുണ്ട് ഞാൻ. ഇനി സൈക്കിൾ ചവിട്ടാൻ പറ്റാത്ത വിധം പ്രായമേറുമ്പോൾ മുത്തച്ഛനോ മുത്തശ്ശിയോ പേരക്കുട്ടിക്ക് സൈക്കിൾ കൈമാറും. ഒരു ഡച്ചുകാരനെ സംബന്ധിച്ചേടത്തോളം ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യമാണത്രേ ഓമഫെയറ്റും (മുത്തശ്ശിയുടെ സൈക്കിൾ) ഓപഫെയറ്റും (മുത്തച്ഛന്റെ സൈക്കിൾ). ഇത്തിരിപോന്ന പിള്ളേർ തന്നേക്കാൾ രണ്ട് ഇരട്ടി വലിപ്പമുള്ള 55 ഇഞ്ച് ഫുൾ സൈക്കിൾ (അവരേക്കാൾ അഞ്ചിരട്ടിയെങ്കിലും പ്രായമുണ്ടാകും സൈക്കിളിന്) ചവുട്ടിപോകുന്നതിനെ കുറിച്ച് അന്വേഷിച്ചപ്പോൾ ഹോസ്റ്റലിലെ കുശിനിക്കാരൻ ടോണിയാണ് ഡച്ചുകാരുടെ ജീവിതത്തിലെ ഓമഫെയറ്റിന്റെയും ഓപഫെയറ്റിന്റെയും പ്രാധാന്യത്തെ കുറിച്ച് പറഞ്ഞു തന്നത്. മാത്രവുവല്ല, എന്നെ വിളിച്ചുകൊണ്ടുപോയി അടുക്കളയുടെ പിൻഭാഗത്ത് പ്രത്യേക ഷെഡ്ഡിൽ രാജകീയമായി പാർക്ക് ചെയ്തിട്ടുള്ള തന്റെ ഓപഫെയറ്റ്, ചങ്ങാതി അഭിമാനപൂർവ്വം കാണിച്ചു തരികയും ചെയ്തു. 53 വർഷം പഴക്കമുണ്ട് ആ സെക്കിളിന്, നിർമ്മിച്ച കമ്പനിയുടെ പേര് വായിക്കാൻ പറ്റാത്ത വിധം പെയിന്റൊക്കെ മാഞ്ഞുപോയിരിക്കുന്നു. ടോണി എട്ടാം ക്ളാസ്സിൽ പഠിക്കുമ്പോൾ ആണത്രേ മുത്തച്ഛൻ തന്റെ സൈക്കിൾ ടോണിക്ക് സമ്മാനിച്ചത്. മുത്തച്ഛന് മൊത്തം ഏഴ് പേരക്കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും ഓപഫെയറ്റ് ലഭിക്കാൻ ഭാഗ്യമുണ്ടായത് തനിക്കാണെന്ന് പറയുമ്പോൾ ടോണിയുടെ മുഖത്ത് ആയിരം സൂര്യന്മാരുടെ തിളക്കമുണ്ടായിരുന്നു. ജീവിതത്തിൽ ഒരിക്കലെങ്കിലും സൈക്കിൾ മോഷണം പോകാത്ത ഡച്ചുകാരനുണ്ടാവില്ല എന്നാണ് ടോണി പറയുന്നത്.

പക്ഷെ ഓമഫെയറ്റോ ഓപഫെയറ്റോ മോഷണം പോയാൽ ജീവിതത്തിലെ സർവ്വ ഭാഗ്യവും പോയി എന്ന് വിശ്വസിക്കുന്ന ഡച്ചുകാർ നിരവധിയുണ്ടത്രേ.മോഷണം പോയ ഓമഫെയറ്റ് അന്വേഷിച്ച് നാല് വർഷം പാഴാക്കിയ ഒരു ഗേൾ ഫ്രണ്ടുണ്ടായിരുന്നുവത്രേ ടോണിക്ക്. മുത്തച്ഛന്റെയും മുത്തശ്ശിയുടെയും സൈക്കിളിനോടുള്ള ഡച്ചുകാരുടെ ഈ അഭിനിവേശം സൈക്കിൾ കമ്പനിക്കാരും മുതലെടുക്കുന്നുണ്ട്. മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ സൈക്കിൾ സമ്മാനമായി കിട്ടാത്തവർക്കായി ഓപഫെയറ്റും ഓമഫെയറ്റും അവർ വിപണിയിലിറക്കുന്നു. പഴയ മോഡലിലുള്ള പുത്തൻ ഫുൾസൈക്കിളുകൾ. ഡച്ച് വിപണിയിലെ എക്കാലെത്തെയും മിന്നും താരങ്ങളാണത്രേ ക്ളാസിക്കൽ മോഡലിലുള്ള ഇത്തരം സൈക്കിളുകൾ. എല്ലാ ഡച്ച് കുട്ടികളെയും പോലെ ഒരു സൈക്കിൾ ഷോപ്പ് ഉടമയാകണം എന്നതായിരുന്നു ടോണിയുടെയും ചെറുപ്പത്തിലെ ആഗ്രഹം. പക്ഷെ അതിന് ഭാഗ്യമുണ്ടായില്ല. കുശിനിക്കാരനായി തീരാനായിരുന്നു തലേവര എന്ന് ദീർഘ നിശ്വാസം വിട്ടുകൊണ്ട് ടോണി പറഞ്ഞപ്പോൾ എനിക്ക് ഉള്ളിൽ ചിരിപൊട്ടി.

ബി.എ വരെ പഠിച്ചശേഷം സൈക്കിൾ ഷോപ്പ് തുടങ്ങി ജീവിതം കുത്തുപാളയെടുത്തു പോയ ഒരു ബാല്യകാല സുഹൃത്ത് നാട്ടിൽ ഉണ്ട് എനിക്ക് – നാരായണൻകുട്ടി. നാരായണൻകുട്ടി സൈക്കിൾ കട തുടങ്ങി, കോയമ്പത്തൂരിൽ നിന്നും സ്പെയർപാർട്ട്സൊക്കെ കൊണ്ടു വന്ന് റാക്കൊക്കെ നിറച്ചുവച്ചു. പക്ഷെ ആരും ഒന്നും വാങ്ങിക്കാൻ വന്നില്ല. കാരണം നാട്ടിൽ സൈക്കിളുകളൊക്കെ അപ്രത്യക്ഷമായി മോട്ടോർ സൈക്കിളുകൾ നിറയുന്ന കാലമായിരുന്നു അത്. 22 വർഷമായി സൈക്കിളിൽ മീൻകൊണ്ടു നടന്ന് വിറ്റിരുന്ന വാറപ്പൻ ചേട്ടൻ വരെ സൈക്കിളുപേക്ഷിച്ച് ബജാജ് എം-80യിലേക്ക് മാറി. പിന്നെ എങ്ങനെ നാരായണൻകുട്ടി രക്ഷപ്പെടാൻ? രണ്ട് വർഷം കഴിഞ്ഞപ്പോൾ തുരുമ്പിച്ച പാർട്ട്സൊക്കെ ഇരുമ്പു വിലക്ക് തൂക്കി വിറ്റു നാരായണൻകുട്ടി കടപൂട്ടി.

ഞാൻ ആ കഥ വിവരിച്ചുകൊടുത്തപ്പോൾ അത്ഭുതം കൊണ്ട് വായ പൊളിച്ചുപോയി ടോണി. കാരണം ഹോളണ്ടിൽ സമൂഹത്തിലെ ഏറ്റവും ഉന്നതരും സമ്പന്നരുമാണ് സൈക്കിൾ ഷോപ്പ് ഉടമകൾ. നല്ലൊരു സൈക്കിൾ മെക്കാനിക്കിന് നഗരത്തിന്റെ മേയറേക്കാൾ ആദരവ് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുമത്രേ. എന്റെ നാടായ കുട്ടനെല്ലൂരിൽ സൈക്കിൾ റിപ്പയറിങ്ങ് സ്ഥാപനങ്ങൾ നടത്തുന്ന കരുവാൻ പാപ്പേട്ടനും ചന്ദ്രേട്ടനുമൊക്കെ ജനിച്ചത് ഹോളണ്ടിലായിരുന്നുവെ

ങ്കിൽ അവരുടെ സമൂഹത്തിലെ നിലയും വിലയും ഇപ്പോൾ എന്താ യേനെ ? 20 സൈക്കിളുമായി കുട്ടനെ ല്ലൂരിൽ സൈക്കിൾ വാടകക്ക് കൊടു ക്കുന്ന കട നടത്തുന്ന അപ്പുകുട്ടൻ ഹോളണ്ടിലായിരുന്നുവെങ്കിൽ നാട്ടിലെ ഏറ്റവും വലിയ പ്രമാണിയാ യേനെ. കാലിൽ ആണിയുടെ അസു ഖമുള്ള അപ്പുകുട്ടൻ ചെറുതായി ഞൊണ്ടി ഞൊണ്ടി പോകുമ്പോൾ കുട്ടികൾ ആരാധനയോടും മറ്റുള്ളവർ ബഹുമാനത്തോടെയും നോക്കി നിൽക്കുന്നത് ഞാൻ വെറുതെ മന സ്സിൽ സങ്കൽപ്പിച്ചു.

ഹെൻറിക്കസ് ബർഗർ എന്ന കരു വാനെയാണ് 140 വർഷത്തിലേറെ പഴ ക്കമുള്ള സൈക്കിൾ വ്യവസായ ത്തിന്റെ പിതാവായി ഡച്ചുകാർ കണ ക്കാക്കുന്നത്. എന്നാൽ ഡച്ചുകാരനായ ബർഗറല്ല സൈക്കിൾ കണ്ടുപിടിച്ച ത്.സൈക്കിളിനെ ഇത്രമേൽ പ്രണയി ക്കുന്ന ഡച്ചുകാർക്ക് അതു കണ്ടുപിടി ക്കാനുള്ള ഭാഗ്യമുണ്ടായില്ല എന്നതിൽ അവർക്ക് വലിയ വിഷമമുണ്ട് എന്നാണ് ടോണി പറഞ്ഞത്. 1864-ൽ വെലോസിപീഡ് എന്ന മരസൈക്കിൾ ആദ്യം നിർമ്മിച്ചത് മിഖാക്സ് എന്ന ഫ്രഞ്ചുകാരനാണ്. പിന്നീട് മിഖാക്സ് വെലോസിപീഡ് സ്റ്റീലുകൊണ്ടും ഉണ്ടാക്കി. മുൻചക്രത്തിന്റെ നടുവിലാ യിരുന്നു വെലോസിപീഡിന്റെ പെഡൽ. 1868-ൽ ഡച്ച് വ്യാപാരിയായ ജെടി. സ്കോട്ട് ഫ്രാൻസിൽ നിന്ന് വെലോസിപീഡ് ഇറക്കുമതി ചെയ്ത് ആംസ്റ്റർഡാമിൽ വിൽപ്പനയാരംഭിച്ചു. എച്ച്.എച്ച്. ടിമ്മർ എന്ന ധനാഢ്യനാ യിരുന്നു ഇങ്ങനെ ഇറക്കുമതി ചെയ്യുന്ന വെലോസിപീഡ് മുഖ്യ മായും വാങ്ങിയിരുന്നത്.

1869-ൽ ടിമ്മർ വെലോസിപീഡു കൾ വാടകക്ക് കൊടുക്കുന്ന പ്രസ്ഥാ നവും ആംസ്റ്റർഡാമിൽ തുടങ്ങി-ലോക ത്തിലെ ആദ്യത്തെ സൈക്കിൾ വാട കക്ക് കൊടുക്കുന്ന കട അതായിരുന്നു. പക്ഷെ വാടകക്ക് സൈക്കിളെടുക്കാൻ ആരും ടിമ്മറിന്റെ സ്ഥാപനത്തിൽ വന്നില്ല. കാരണം ആംസ്റ്റർഡാമി ലാർക്കും അന്ന് സൈക്കിൾ ഓടിക്കു വാനറിയുമായിരുന്നില്ല. പക്ഷെ വാശി ക്കാരനായ ടിമ്മർ തോറ്റുകൊടുക്കു വാൻ തയ്യാറായില്ല. ആംസ്റ്റർഡാമിലെ ജനങ്ങളെ സൈക്കിൾ ഓടിക്കാൻ പഠി പ്പിക്കാനായി ഒരു പരിശീലന

**ഒരു ശരാശരി ഡച്ച് പൗരൻ, ആണോ പെണ്ണോ ആകട്ടെ, തന്റെ നാൽപ്പത് ശതമാനം യാത്രയും നിർവഹിക്കുന്നത് സൈക്കിളിലാണ്. ജോലിക്ക് പോകാൻ, ഷോപ്പിങ്ങിന്, കുട്ടികൾ സ്കൂളിൽ പോകുന്നത് എല്ലാം സൈക്കിളിൽ തന്നെ. 10 നും 15 നും ഇടയിൽ പ്രായ മുള്ള മിക്കകുട്ടികളും സ്കൂളിൽ പോകുന്നത് സൈക്കിളിലാണ്. പ്ളസ് ടൂവിന് പഠിക്കുന്ന കുട്ടികൾ 15 കിലോമീറ്റർ അകലെയുള്ള സ്കൂളിലേക്ക് സൈക്കിളിൽ പോകുന്നത് സർവ്വ സാധാരണം.**



വര: സുബിദ്

കേന്ദ്രവും ആരംഭിച്ചു അദ്ദേഹം. ഒരു വ്യാപാരയാത്രക്കിടെ ഡെവന്റർ എന്ന പട്ടണത്തിൽ വച്ച് ഹെൻറിക്കസ് ബർഗർ എന്ന അതിസമർത്ഥനായ കരുവാനെ ടിമ്മർ കണ്ടുമുട്ടിയതോടെ വെലോസിപീഡ് സൈക്കിളിന്റെ ജാതകം മാറിമറഞ്ഞു. ടിമ്മർ നൽകിയ വെലോസിപീഡ് ശ്രദ്ധാപൂർവ്വം അഴിച്ച് പഠിച്ച ബർഗർ മാസങ്ങൾക്കു ള്ളിൽ തന്നെ വ്യാവസായികാടിസ്ഥാന ത്തിൽ അവ നിർമ്മിച്ചു വിൽപ്പന തുട ങ്ങി. ഇന്നത്തെ സൈക്കിളിന്റെ ജൈത്ര യാത്ര അന്ന് (1869) തുടങ്ങിയതാണ്. ഫ്രഞ്ചുകാർ അംഗീകരിക്കുന്നില്ലെ ങ്കിലും ലോക സൈക്കിൾ വ്യവസായ ത്തിന്റെ പിതാ വായിട്ടാണ് ഡച്ചുകാര നായ ഹെൻറിക്കസ് ബർഗർ അറിയ പ്പെടുന്നത്.

ടോണി തന്ന ഡച്ച് പുസ്തകങ്ങൾ കഷ്ടപെട്ട് വായിച്ചാണ് ഞാൻ ഇത്രയും വിവരങ്ങൾ സമ്പാദിച്ചത്. ഈ വിവരങ്ങളും കുറച്ച് ഫോട്ടോയും ചേർത്ത് പ്രസന്റേഷൻ പൂർത്തീകരിച്ച ശേഷമാണ് സമയം നോക്കിയത്. സമയം വെളുപ്പിന് നാലര. സൈക്കിൾ പുരാണം വായിച്ച് ഉറങ്ങാൻ തന്നെ മറന്ന് പോയി. ഇനി ഉറങ്ങേണ്ടെന്ന് നിശ്ചയിച്ച് ഒരു ചുരുട്ടു വലിക്കാൻ തീരുമാനിച്ചു. റേഡിയോ റൂമിൽ പോയി ഇലക്ട്രിക് കെറ്റിലിൽ വെള്ളം തിളപ്പിച്ച് കട്ടൻചായ തയ്യാറാക്കി. ഹോസ്റ്റലിനകത്ത് പുകവലിക്കാൻ പാടില്ല, അതിന് താഴെ ഇറങ്ങി ഗ്ലാസ് ഡോർ തുറന്ന് വരാന്തയിലേക്ക് ഇറങ്ങ ണം. ചുരുട്ടും തീപ്പെട്ടിയും കട്ടൻചായ യുമായി താഴെയെത്തി ഗ്ളാസ് ഡോർ തുറന്നതോടെ ഞാൻ അന്തം വിട്ടു. പുറത്ത് നല്ല സുന്ദരമായ പകൽ വെളി ച്ചം. നാട്ടിൽ വേനൽക്കാലത്ത് രാവിലെ ഏഴുമണിക്ക് ലഭിക്കുന്ന പോലെ സൂര്യപ്രകാശം. സൂര്യനുദിച്ചിട്ട് അരമണിക്കൂറെങ്കിലും ആയിട്ടുണ്ടാ കും. ഇന്നലെ മഞ്ഞുവീഴ്ചയുണ്ടായതി ന്റെയും ശീതക്കാറ്റ് വീശിയതിന്റെയും തെളിവുകളൊന്നുമില്ല. കാലാവസ്ഥ നേരെ എതിർദിശയിലേക്ക് മാറിയിരി ക്കുന്നു. ഇന്ന് നല്ല വെയിലുള്ള ദിവസ മായിരിക്കുമെന്ന് തോന്നുന്നു. മുറ്റത്തെ ആപ്പിൾ മരത്തിന് താഴെയുള്ള പുൽത കിടിയിൽ ഞാൻ നിണ്ടു നിവർന്ന് കിട ന്നു. നനഞ്ഞപുല്ല് ദേഹം നനച്ചുവെ ങ്കിലും മുഖത്ത് വെയിൽ തട്ടിയപ്പോൾ ഉറങ്ങാതിരുന്നതിന്റെ ക്ഷീണമൊക്കെ പോയി. ചുരുട്ട് വലിച്ച് ആകാശ ത്തേക്ക് പുകയൂതി വിട്ട് ഞാൻ നാരായ ണൻകുട്ടിയുടെ സൈക്കിൾ ഷോപ്പ് ഹോളണ്ടിലായിരുന്നുവെങ്കിൽ എങ്ങി നെയിരുന്നേനെയെന്ന് വെറുതെ ആലോചിച്ചു. മുകളിലേക്ക് നോക്കിയ പ്പോൾ ആപ്പിൾ മരത്തിന്റെ ചില്ലയിലി രുന്നു എന്നെ സാകൂതം നോക്കുക യാണ് ഒരു കാക്ക. ഈ പുലർകാലത്ത് പുല്ലിൽ കിടന്ന് ഇവനെന്താണാവോ ഇത്ര ഗഹനമായിട്ട് ആലോചിക്കുന്നത് എന്ന സംശയം കാക്കക്ക് ഉണ്ടോ എന്ന് സന്ദേഹിച്ചു ഞാൻ കാക്കയുടെ മുഖ ത്തേക്ക് സൂക്ഷിച്ചു നോക്കി.എന്നാൽ എനിക്ക് മുഖം തരാതെ പാളങ്ങൾക്ക് മുകളിലൂടെ അത് എവിടേക്കോ പറന്നു പോയി.

(തുടരും)